# ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസം- സദാ ഉണർവ്വും ഉത്സാഹവും

ഇന്ന് ത്രിമൂർത്തി ശിവബാബ സർവ്വ കുട്ടികളെയും വിശേഷിച്ച് മൂന്ന് സംബന്ധങ്ങളിലൂടെ കണ്ടു കൊണ്ടിരിക്കുന്നു. ഏറ്റവും ആദ്യത്തെ പ്രിയപ്പെട്ട സംബന്ധമാണ് സർവ്വ പ്രാപ്തികളുടെ അധികാരി അവകാശിയാണ്, അവകാശിയോടൊപ്പം ഈശ്വരീയ വിദ്യാർത്ഥിയുമാണ്, അതോടൊപ്പം ഓരോ ചുവടിലും ഫോളോ ഫാദർ ചെയ്യുന്ന സത്ഗുരുവിന് പ്രിയപ്പെട്ടവരുമാണ്. ത്രിമൂർത്തി ശിവബാബ കുട്ടികളുടെയും ഈ മൂന്ന് സംബന്ധം വിശേഷ രൂപത്തിൽ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സർവ്വ സംബന്ധം നിറവേറ്റുന്ന അനുഭവീ ആത്മാക്കളാണ് എന്നാൽ ഇന്ന് വിശേഷിച്ച് മൂന്ന് സംബന്ധങ്ങൾ കണ്ടു കൊണ്ടിരിക്കുകയാണ്. ഈ മൂന്ന് സംബന്ധം സർവ്വർക്കും പ്രിയപ്പെട്ടതാണ്. ഇന്ന് വിശേഷിച്ചും ത്രിമൂർത്തി ശിവ ജയന്തി ആഘോഷിക്കുന്നതിന് ഉത്സാഹത്തോടെ സർവ്വരും ഓടിയോടി വന്നിരിക്കുന്നു. ബാബയ്ക്ക് ആശംസകൾ നൽകാൻ വന്നിരിക്കുകയാണോ അതോ ബാബയിൽ നിന്നും ആശംസകൾ നേടാൻ വന്നിരിക്കുകയാണോ? രണ്ട് കാര്യങ്ങളും ചെയ്യാൻ വന്നിരിക്കുന്നു. പേര് തന്നെ ശിവ ജയന്തി അഥവാ ശിവ രാത്രി, അപ്പോൾ ത്രിമൂർത്തിയെന്നുള്ളത് എന്താണ് തെളിയിക്കുന്നത്? പ്രജാപിതാ ബ്രഹ്മാവിലൂടെ എന്ത് ചെയ്യുന്നു? നിങ്ങൾ ബ്രാഹ്മണരുടെ രചനയെ രചിക്കുന്നുണ്ടല്ലോ. പിന്നെ അവരുടെ പാലന ചെയ്യുന്നു. അതിനാൽ ത്രിമൂർത്തി എന്ന ശബ്ദം തെളിയിക്കുന്നു- ബാബയോടൊപ്പം നിങ്ങൾ ബ്രാഹ്മണ കുട്ടികളും കൂടെയുണ്ട്. ബാബയ്ക്ക് ഒറ്റയ്ക്ക് എന്ത് ചെയ്യാൻ കഴിയും! അതിനാൽ ബാബയുടെ ജയന്തി തന്നെയാണ് നിങ്ങൾ ബ്രാഹ്മണ കുട്ടികളുടെയും ജയന്തി. ബാബ കുട്ടികൾക്ക് ഈ അലൗകീക ദിവ്യ ജന്മത്തിന്റെ അഥവാ ഈ ഡയമണ്ട് ജയന്തിയുടെ കോടിമടങ്ങ് ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. നിങ്ങൾ സർവ്വരുടെയും ആശംസകൾക്ക് പാത്രമാണ്, കാർഡ് ബാബയുടെയടുത്തെത്തി ചേർന്നു, ഇപ്പോഴും ചില കുട്ടികൾ ഹൃദയത്തിൽ നിന്നും ആശംസകളുടെ ഗീതം പാടി കൊണ്ടിരിക്കുന്നു, ദൂരെയുള്ളവരാകട്ടെ, സന്മുഖത്തുള്ളവരാകട്ടെ. ദൂരെയുള്ളവരുടെയും ആശംസകളുടെ ഗീതം കാതിൽ കേട്ടുകൊണ്ടിരിക്കുന്നു. റിട്ടേണായി ബാപ്ദാദയും ദേശ വിദേശത്തിലെ സർവ്വ കുട്ടികൾക്ക് കോടി മടങ്ങ് ആശംസകൾ നല്കി കൊണ്ടിരിക്കുന്നു.

ഇത് സർവ്വ കുട്ടികൾക്കുമറിയാം ബ്രാഹ്മണ ജീവിതത്തിൽ ഏതൊരു ഉത്സവവും ആഘോഷിക്കുക അർത്ഥം സദാ ഉണർവ്വിലും ഉത്സാഹവും നിറഞ്ഞ ജീവിതം ഉണ്ടാക്കുക. ബ്രാഹ്മണരുടെ അലൗകീക നിഘണ്ഡുവിൽ ആഘോഷിക്കുക എന്നതിന്റെ അർത്ഥം ആയിത്തീരുക എന്നതാണ്. അതിനാൽ കേവലം ഇന്ന് ഉത്സവം ആഘോഷിക്കുമോ അതോ സദാ ഉണർവ്വും ഉത്സാഹവും നിറഞ്ഞ ജീവിതം നയിക്കുമോ? ഈ സ്ഥൂല ശരീരത്തിൽ ശ്വാസമുണ്ടെങ്കിലാണ് ജീവിതമുള്ളത്. ശ്വാസം ഇല്ലാതായാൽ ജീവിതം എന്താകും? സമാപ്തം. അതേപോലെ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് സദാ ഉണർവ്വും ഉത്സാഹവും. ബ്രാഹ്മണ ജീവിതത്തിലെ ഓരോ സെക്കന്റിലും ഉണർവ്വും ഉത്സാഹവുമില്ലായെങ്കിൽ ബ്രാഹ്മണ ജീവിതമല്ല. ശ്വാസത്തിന്റെ ഗതിയും സാധാരണമായിരിക്കണം. ശ്വാസത്തിന്റെ ഗതി തീവ്രമാണെങ്കിൽ ജീവിതവും യഥാർത്ഥമായതല്ല, സ്ലോ ആയാലും യഥാർത്ഥ ജീവിതം എന്ന് പറയില്ല. ഹൈ പ്രഷറും ലോ പ്രഷറും ഉണ്ടാകാറില്ലേ. അതിനാൽ ഇതിനെ സാധാരണ ജീവിതം എന്ന് പറയില്ല. അതിനാൽ ഇവിടെയും ചെക്ക് ചെയ്യൂ- ''എന്റെ ബ്രാഹ്മണ ജീവിതത്തിലെ ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ഗതി സാധാരണമാണോ?അതോ ഇടയ്ക്ക് വളരെ തീവ്രം ഇടയ്ക്ക് വളരെ സ്ലോ ആകുന്നുണ്ടോ? ഏകരസമായിട്ടിരിക്കുന്നുണ്ടോ?'' ഏകരസമായിരിക്കണ്ടേ. ഇടയ്ക്ക് കൂടുതൽ, ഇടയ്ക്ക് കുറവ്, ഇത് നല്ലതല്ലല്ലോ. അതിനാൽ സംഗമയുഗത്തിലെ ഓരോ നിമിഷവും ഉത്സവമാണ്. ഇത് വിശേഷിച്ച് മനോരഞ്ജനത്തിനായി ആഘോഷിക്കുന്നു കാരണം ബ്രാഹ്മണ ജീവിതത്തിൽ മറ്റെവിടെ പോയി ആഘോഷിക്കും! ഇവിടെ തന്നെയല്ലേ ആഘോഷിക്കുന്നത്! വിശേഷിച്ചും സാഗര തീരത്തോ, പൂന്തോട്ടത്തിലോ, ക്ലബ്ബിലോ പോവില്ലല്ലോ. ഇവിടെ തന്നെ സാഗരത്തിന്റെ തീരവുമുണ്ട്, പൂന്തോട്ടവുമുണ്ട്, ക്ലബ്ബുമാണ്. ഈ ബ്രാഹ്മണ ക്ലബ്ബ് നല്ലതല്ലേ. അതിനാൽ ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് ഉണർവ്വും ഉത്സാഹവും. ശ്വാസത്തിന്റെ ഗതി ശരിയല്ലേ അതോ ഇടയ്ക്ക് ചഞ്ചലമാകുന്നുണ്ടോ? ബാപ്ദാദ ഓരോ കുട്ടിയെയും ചെക്ക് ചെയ്യുന്നു. ഇത് ചെവിയിൽ വച്ച് ചെക്ക് ചെയ്യേണ്ട ആവശ്യമില്ല. ഇന്നത്തെ കാലത്ത് സയൻസ് സർവ്വതും ഓട്ടോമാറ്റിക്കായി കണ്ടു പിടിച്ചിട്ടുണ്ട്. അതിനാൽ ശിവ ജയന്തി അഥവാ ശിവ രാത്രി രണ്ടിന്റെയും രഹസ്യത്തെ നല്ല രീതിയിൽ മനസ്സിലാക്കിയില്ലേ! രണ്ട് രഹസ്യവും സ്വയവും മനസ്സിലാക്കി, മറ്റുള്ളവരെയും സ്പഷ്ടമായി കേൾപ്പിക്കാൻ സാധിക്കുന്നു. കാരണം ബാബയുടെ ജയന്തിയോടൊപ്പം നിങ്ങളുടെയും ഉണ്ട്. തന്റെ ജന്മദിനത്തിന്റെ രഹസ്യം കേൾപ്പിക്കാമല്ലോ! സ്മരണ ഭക്തർ വളരെ ഭാവനയോടെ ആഘോഷിക്കുന്നു. എന്നാൽ വ്യത്യാസം ഇതാണ്- അവർ ശിവരാതി ദിനത്തിൽ ഓരോ വർഷവും വ്രതമനുഷ്ഠിക്കുന്നു, നിങ്ങൾ പിക്ക്നിക്ക് ചെയ്യുന്നു കാരണം നിങ്ങളെല്ലാവരും ജനിച്ചപ്പോൾ തന്നെ സദാകാലത്തേക്ക് അർത്ഥം സമ്പൂർണ്ണ ബ്രാഹ്മണ ജീവി

തത്തിൽ ഒരു പ്രാവശ്യം വ്രതം ധാരണ ചെയ്തു, അതിനാൽ അടിക്കടി ചെയ്യേണ്ട ആവശ്യമില്ല. അവർക്ക് ഓരോ വർഷവും വ്രതമനുഷ്ടിക്കേണ്ടി വരുന്നു. നിങ്ങൾ സർവ്വ ബ്രാഹ്മണ ആത്മാക്കൾ ജന്മമെടുത്തപ്പോൾ തന്നെ ഈ വ്രതമെടുത്തു– ഞാൻ സദാ ബാബയ്ക്ക് സമാനം സമ്പന്നവും സമ്പൂർണ്ണവുമായിട്ടിരിക്കും. ഈ പക്കാ വ്രതമെടുത്തോ അതോ കുറച്ച് കച്ചാ ആണോ....? ആത്മാ പരമാത്മാ സംബന്ധം അവിനാശിയാണ് അപ്പോൾ വ്രതവും അവിനാശിയല്ലേ. ലോകത്തിലുള്ളവർ കേവലം ആഹാരത്തിന്റെ വ്രതമനുഷ്ടിക്കുന്നു. ഇതിലൂടെയെന്താണ് തെളിയുന്നത്? നിങ്ങൾ ബ്രാഹ്മണ ജീവിത്തതിൽ സദാ ആഹാരത്തിന്റെ വ്രതമെടുത്തിട്ടുണ്ടല്ലോ. അതോ ഭക്ഷണം ഫ്രീയാണ്, ഇഷ്ടമുള്ളത് കഴിക്കാം എന്നാണോ? പക്കാ വ്രതമല്ലേ അതോ ''ഇടയ്ക്കിടയ്ക്ക് ക്ഷീണിക്കുമ്പോൾ വ്രതം തെറ്റിക്കാം? സമയം ലഭിക്കുന്നില്ല ഉണ്ടാക്കാൻ, എന്തെങ്കിലും മേടിച്ച് കഴിക്കാം,'' എന്നാണോ? കുറച്ച് കുറച്ച് ശക്തിഹീനമാകുന്നുണ്ടോ? നോക്കൂ, നിങ്ങളുടെ ഭക്തർ വ്രതം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു. വർഷത്തിൽ ഒരു പ്രാവശ്യമാണ് വയ്ക്കുന്നതെങ്കിലും നിയമങ്ങൾ പാലിക്കുന്നുണ്ടല്ലോ. നിങ്ങളുടെ ഭക്തർ വ്രതത്തിൽ പക്കായാണ്, അപ്പോൾ നിങ്ങൾ എത്ര പക്കായാണ്? ഇടയ്ക്കിടയ്ക്ക് കുറച്ച് അയഞ്ഞ മട്ടാകുന്നു, ശരി, നാളെ ഭോഗ് വയ്ക്കാം, ഇന്ന് വയ്ക്കുന്നില്ല. ഇതും നിങ്ങൾ ബ്രാഹ്മണ ആത്മാക്കളുടെ ജീവിതത്തിന്റെ പരിധിയില്ലാത്ത വ്രതത്തിന്റെ സ്മരണയാണ്.

വിശേഷിച്ചും ഈ ദിനത്തിൽ പവിത്രതയുടെ വ്രതം അനുഷ്ഠിക്കുന്നു. ഒന്ന് പവിത്രതയുടെ വ്രതം പാലിക്കുന്നു, രണ്ടാമത് ആഹാര ശുദ്ധിയുടെ വ്രതവും, മൂന്നാമത് മുഴുവൻ ദിനം ആർക്കും യാതൊരു പ്രകാരത്തിലുള്ള ദുഃഖം നല്കില്ല അഥവാ ചതിക്കില്ല, ഈ വ്രതവും വയ്ക്കുന്നു. എന്നാൽ നിങ്ങളുടെ ഈ ബ്രാഹ്മണ ജീവിതത്തിന്റെ വ്രതം പരിധിയില്ലാത്തതാണ്, അവരുടേത് ഒരു ദിവസത്തേതാണ്. പവിത്രതയുടെ വ്രതം ബ്രാഹ്മണ ജന്മം ലഭിച്ചത് മുതലേ ധാരണ ചെയ്തില്ലേ! കേവലം ബ്രഹ്മചര്യം മാത്രമല്ല എന്നാൽ 5 വികാരങ്ങളുടെ മേൽ വിജയം, ഇതിനെയാണ് പറയുന്നത് പവിത്രതയുടെ വ്രതം എന്ന്. അതിനാൽ ചിന്തിക്കൂ പവിത്രതയുടെ വ്രതത്തിൽ എത്രത്തോളം സഫലമായി? ബ്രഹ്മചര്യം അർത്ഥം കാമം മഹാശത്രുവിനെ ജയിക്കുന്നതിൽ പ്രത്യേക ശ്രദ്ധ വയ്ക്കുന്നു, അതേപോലെ കാമം മഹാശത്രുവിന്റെ മറ്റു 4 സാഥികളുടെ മേലും വിജയം നേടുന്നതിന് ശ്രദ്ധയുണ്ടോ? അതോ കുറേശ്ശെ ദ്വേഷ്യപ്പെടൂ എന്ന് ബാബ സമ്മതം നല്കിയിട്ടുണ്ടോ? സമ്മതമില്ല, എന്നാൽ സ്വയം സ്വയത്തിന് അനുമതി നല്കുന്നു. കാണപ്പെടുന്നുണ്ട്– ക്രോധത്തിന്റെ മക്കൾക്കും പേരകുട്ടികൾക്കും അനുവാദം നല്കുന്നു. ക്രോധമാകുന്ന മഹാഭൂതത്തെ ഓടിച്ചു എന്നാൽ അതിന്റെ മക്കളോട് അല്പം സ്നേഹം ഇപ്പോഴും ഉണ്ട്. കൊച്ചു കുട്ടികളെ ഇഷ്ടമാണല്ലോ, അതുപോലെ. ഈ ക്രോധത്തിന്റെ കുട്ടികൾ ചിലപ്പോൾ പ്രിയപ്പെട്ടവരായി മാറുന്നു. വ്രതം അർത്ഥം സമ്പൂർണ്ണ പവിത്രതയുടെ വ്രതം. ചില കുട്ടികൾ വളരെ നല്ല നല്ല കാര്യങ്ങൾ കേൾപ്പിക്കുന്നുണ്ട്. പറയുന്നു– ''ക്രോധം വന്നില്ല, പക്ഷെ എന്നെ ദ്വേഷ്യപ്പെടുത്തി, അപ്പോൾ എന്ത് ചെയ്യും? എനിക്ക് വന്നില്ല എന്നാൽ മറ്റുള്ളവരാണ് ദ്വേഷ്യപ്പെടുത്തുന്നത്''. വളരെ രസകരമായ കാര്യങ്ങളാണ് പറയുന്നത്. പറയുന്നു നിങ്ങളും ആ സമയത്ത് ഉണ്ടായിരുന്നെങ്കിൽ നിങ്ങൾക്കും വന്നേനെ. അതിനാൽ ബാപ്ദാദ എന്ത് പറയും? ബാപ്ദാദായും പറയും ശരി, നിങ്ങളോട് ക്ഷമിച്ചിരിക്കുന്നു, പക്ഷെ ഇനി ചെയ്യരുത്.

ശിവരാത്രിയുടെ അർത്ഥം തന്നെ അന്ധകാരത്തെ സമാപ്തമാക്കുന്ന രാത്രിയെന്നാണ്. മാസ്റ്റർ ജ്ഞാന സൂര്യൻ പ്രകടമാകുക ഇതാണ് ശിവരാത്രി. നിങ്ങളും മാസ്റ്റർ ജ്ഞാന സൂര്യനായി വിശ്വത്തിൽ അന്ധകാരത്തെ ഇല്ലാതാക്കി പ്രകാശം നല്കുന്നവരാണ്. വിശ്വത്തിന് പ്രകാശം നല്കുന്നവർ സ്വയം എന്തായിരിക്കും? സ്വയം അന്ധകാരത്തിലായിരിക്കില്ലല്ലോ. ദീപത്തിനെ പോലെയല്ലല്ലോ? ദീപത്തിന് താഴെ അന്ധകാരമായിരിക്കും, മുകളിൽ പ്രകാശവും. നിങ്ങൾ മാസ്റ്റർ ജ്ഞാന സൂര്യനാണ്. അപ്പോൾ മാസ്റ്റർ ജ്ഞാന സൂര്യൻ സ്വയവും പ്രകാശ സ്വരൂപമാണ്, ലൈറ്റ് മൈറ്റ് രൂപമാണ്, മറ്റുള്ളവർക്കും ലൈറ്റ് മൈറ്റ് നല്കുന്നവരാണ്. സദാ പ്രകാശമുള്ളയിടത്ത് അന്ധകാരത്തിന്റെ ചോദ്യമേയില്ല. അന്ധകാരമേയുണ്ടായിരിക്കില്ല. അതിനാൽ സമ്പൂർണ്ണ പവിത്രത അർത്ഥം പ്രകാശം. അന്ധകാരത്തെയില്ലാതാക്കുന്ന ആത്മാക്കളുടെയടുത്ത് അന്ധകാരത്തിനിരിക്കാൻ സാധിക്കില്ല. ഉണ്ടാകാൻ സാധിക്കുമോ? വരാൻ സാധിക്കുമോ? ശരി, ഇരിക്കുന്നില്ല, എന്നാൽ വന്നിട്ട് പോകുന്നു, ഇങ്ങനെയാണോ? ഏതെങ്കിലും വികാരത്തിന്റെ അംശമുണ്ടെങ്കിൽ അതിനെ പ്രകാശമെന്നു പറയുമോ അതോ അന്ധകാരമെന്ന് പറയുമോ? അന്ധകാരം സമാപ്തമായില്ലേ. ശിവരാത്രിയുടെ ചിത്രവും കാണിക്കുന്നുണ്ടല്ലോ. അതിൽ എന്താണ് കാണിക്കുന്നത്? അന്ധകാരം മാറി കൊണ്ടിരിക്കുന്നു അതോ കുറേശ്ശെ അവശേഷിക്കുന്നുണ്ടോ? ഈ ശിവരാത്രി ദിനത്തിൽ വിശേഷിച്ച് എന്ത് ചെയ്യും? എന്തെങ്കിലും ചെയ്യുമോ അതോ കേവലം പതാക മാത്രം ഉയർത്തുമോ? സദാ പ്രതിജ്ഞയെടുക്കാറുണ്ട്– ഞാൻ ഇത് ചെയ്യില്ല, ഇത് ചെയ്യില്ല....എന്നിട്ട് വീണ്ടും ചെയ്യുന്നു, അങ്ങനെയല്ലല്ലോ? നേരത്തെയും കേൾപ്പിച്ചു– പ്രതിജ്ഞയുടെ അർത്ഥം തന്നെയാണ്– പ്രാണൻ പോയാലും പ്രതിജ്ഞ മാറരുത്. എന്ത് തന്നെ ത്യാഗം ചെയ്യേണ്ടി വന്നാലും, എന്ത് തന്നെ കേൾക്കേണ്ടി വന്നാലും പ്രതിജ്ഞ തെറ്റിക്കരുത്. പ്രശ്നങ്ങളില്ലാത്തപ്പോൾ പ്രതിജ്ഞ ശരിയാണ്, എന്തെങ്കിലും പ്രശ്നം വന്നാൽ പ്രശ്നം ശക്തി

ശാലിയാകുന്നു, പ്രതിജ്ഞ അതിന്റെ മുന്നിൽ ശക്തിഹീനമാകുന്നു. ഇതിനെ പ്രതിജ്ഞയെന്ന് പറയില്ല. വാക്ക് അർത്ഥം വാക്ക്. അപ്പോൾ അങ്ങനെയുള്ള പ്രതിജ്ഞ മനസ്സ് കൊണ്ട് എടുക്കണം, വാക്കുകളിലൂടെയല്ല. പറഞ്ഞിട്ട് ചെയ്യുന്നവർ ആ സമയത്ത് ശക്തിശാലി സങ്കല്പം രചിക്കുന്നു. പറഞ്ഞ് ചെയ്യുന്നവരിൽ ശക്തിയുണ്ടായിരിക്കും എന്നാൽ സർവ്വ ശക്തികൾ ഉണ്ടായിരിക്കില്ല. മനസ്സ് കൊണ്ട് പ്രതിജ്ഞയെടുക്കുമ്പോൾ, ആരോടാണ് പ്രതിജ്ഞയെടുത്തത്? ബാബയോട്. ബാബയോട് മനസ്സ് കൊണ്ട് പ്രതിജ്ഞയെടുക്കുക അർത്ഥം മനസ്സിനെ മൻമനാഭവ– സ്ഥിതിയിലാക്കുക, മൻമനാഭവ മന്ത്രം സദാ ഏതൊരു പരിതസ്ഥിതിയിലും യന്ത്രമായി മാറുന്നു. എന്നാൽ മനസ്സ് കൊണ്ട് ചെയ്താലേ ഇങ്ങനെയുണ്ടാകൂ. മനസ്സിൽ വന്നു– എനിക്ക് ഇത് ചെയ്യണ്ട എന്ന്. മനസ്സിൽ ഈ സങ്കല്പം വരുകയാണെങ്കിൽ– ശ്രമിക്കാം, ചെയ്യുക തന്നെ വേണം, ആകുക തന്നെ വേണം, ഇങ്ങനെ ചെയ്തില്ലായെങ്കിൽ എന്ത് സംഭവിക്കും, എന്ത് ചെയ്യും, അതിനാൽ ചെയ്യൂ..... ഇതിനെയാണ് പറയുന്നത് കുറച്ച് കുറച്ച് ഗത്യന്തരമില്ലാതെ ചെയ്യുക. മനസ്സ് കൊണ്ട് ചെയ്യുന്നവർ ഇങ്ങനെ ചിന്തിക്കില്ല– ചെയ്യുക തന്നെ വേണം....അവർ ചിന്തിക്കും– ബാബ പറഞ്ഞു, നടന്നു. നിശ്ചയത്തിലും സഫലതയിലും നിശ്ചിതമായിരിക്കും. ഇതാണ് ഫസ്റ്റ് നമ്പറിലുള്ളവരുടെ പ്രതിജ്ഞ. സെക്കന്റ് നമ്പറിലുള്ളവരുടെ പ്രതിജ്ഞയാണ്– ആകണം, ചെയ്യുക തന്നെ വേണം, അറിഞ്ഞുകൂടാ എപ്പോൾ സംഭവിക്കും എന്ന്. ഈ ''ആകണം, ആകണം'' എന്ന ശബ്ദം പറയുന്നു അർത്ഥം തത്തയായി മാറുന്നു. ബാപ്ദാദായുടെയടുത്ത് ഓരോരുത്തരും എത്ര പ്രതിജ്ഞയെടുത്തിട്ടുണ്ട് എന്ന മുഴുവൻ ഫയലുമുണ്ട്. ഫയൽ വളരെ വലുതായിട്ടുണ്ട്. ഇനി ഫയൽ നിറയ്ക്കരുത്, ഫൈനലാക്കണം. ബാപ്ദാദായോട് ആരെങ്കിലും പ്രതിജ്ഞ എഴുതി കൊടുക്കുമ്പോൾ ബാപ്ദാദയുടെ മുന്നിൽ മുഴുവൻ ഫയലുകളും വരുന്നു. ഇപ്പോഴും അങ്ങനെ ചെയ്യുമോ? ഫയലിൽ കടലാസ്സ് കൂട്ടുമോ അതോ ഫൈനൽ പ്രതിജ്ഞ ചെയ്യുമോ?

പ്രതിജ്ഞ ശക്തിഹീനമാകുന്നതിന്റെ ഒരു കാരണം ബാപ്ദാദ കണ്ടു. ആ ഒരു ശബ്ദം വ്യത്യസ്തമായ റോയൽ രൂപത്തിൽ വരുന്നു, അത് ശക്തിഹീനമാക്കുന്നു. ആ ഒരു ശബ്ദമാണ് ശരീരബോധത്തിന്റെ 'ഞാൻ'. ഈ 'ഞാൻ' എന്ന ശബ്ദം ചതിവിൽപ്പെടുത്തുന്നു. 'ഞാൻ' ഇത് മനസ്സിലാക്കുന്നു, 'എനിക്കേ' ഇത് ചെയ്യാൻ സാധിക്കുകയുള്ളൂ, 'ഞാൻ' പറഞ്ഞതാണ് ശരി, 'ഞാൻ' ചിന്തിച്ചതാണ് ശരി. അതിനാൽ വ്യത്യസ്തമായ റോയൽ രൂപത്തിൽ ഈ 'ഞാൻ' എന്ന ബോധം പ്രതിജ്ഞയെ ശക്തിഹീനമാക്കുന്നു. അവസാനം ശക്തിഹീനരായി നിരാശയുടെ ശബ്ദം ചിന്തിക്കുന്നു– എനിക്ക് ഇത്രയും സഹിക്കാൻ സാധിക്കില്ല, സ്വയത്തെ ഇത്രയും വിനയമുള്ളവരാക്കാൻ സാധിക്കുന്നില്ല, ഇത്രയും പ്രശ്നങ്ങളെ മറികടക്കാൻ സാധിക്കുന്നില്ല, പ്രയാസമാണ്. ഈ ഞാൻ' എന്ന ബോധം ശക്തിഹീനമാക്കുന്നു. വളരെ നല്ല റോയൽ രൂപമാണ്. തന്റെ ജീവിതത്തിൽ നോക്കൂ– ഈ 'ഞാൻ' എന്ന സംസ്ക്കാരത്തിന്റെ രൂപത്തിൽ, സ്വഭാവത്തിന്റെ രൂപത്തിൽ, ഭാവത്തിന്റെ രൂപത്തിൽ, ഭാവനയുടെ രൂപത്തിൽ, വാക്കുകളുടെ രൂപത്തിൽ, സംബന്ധ സമ്പർക്കത്തിന്റെ രൂപത്തിൽ, വളരെ മധുരമായ രൂപത്തിൽ വരുന്നുണ്ടോ? ശിവരാത്രി ദിനത്തിൽ ഈ ഞാൻ –'ഞാൻ' എന്നതിനെ ബലിയർപ്പിക്കുന്നു. ഭക്തർ പാവം ആടിനെ ബലിയർപ്പിക്കുന്നു. എന്നാൽ ഈ 'ഞാൻ ഞാൻ' എന്നതിനെ ബലിയർപ്പിക്കൂ. നിങ്ങളുടെ സ്മരണ മറ്റൊരു രൂപത്തിൽ ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ബലിയായോ അതോ ഇപ്പോൾ കുറച്ച് 'ഞാൻ' എന്നതിന്റെ ബലിയർപ്പിക്കാൻ ബാക്കിയുണ്ടോ? റിസൾട്ട് എന്താണ്? പ്രതിജ്ഞയെടുക്കണമെങ്കിൽ സമ്പൂർണ്ണ പ്രതിജ്ഞയെടുക്കൂ. ബാബയോട് സ്നേഹമുണ്ട്, സ്നേഹത്തിൽ എല്ലാവരും പാസാണ്. ആരെങ്കിലും പറയുമോ ബാബയോട് 75 ശതമാനം സ്നേഹമുണ്ട്, 50 ശതമാനം സ്നേഹമുണ്ട്? സനേഹത്തെ കുറിച്ച് എല്ലാവരും പറയും 100 ശതമാനത്തേക്കാൾ കൂടുതൽ സ്നേഹമുണ്ട് എന്ന്. ബാബയും പറയുന്നു സർവ്വരും സ്നേഹിക്കുന്നവരാണ്, ഇതിൽ പാസാണ്. സ്നേഹത്തിൽ എന്തിന്റെ ത്യാഗമാണ്! അതിനാൽ മനസ്സ് കൊണ്ട് പ്രതിജ്ഞയെടുക്കൂ, ദൃഢമാക്കൂ. അടിക്കടി സ്വയത്തെ ചെക്ക് ചെയ്യൂ പ്രതിജ്ഞ ശക്തിശാലിയാണോ അതോ പരീക്ഷ ശക്തിശാലിയാണോ? ഏതെങ്കിലുമൊക്കെ പരീക്ഷ പ്രതിജ്ഞയെ ശക്തിഹീനമാക്കുന്നു.

ഡബിൾ വിദേശികൾ പ്രതിജ്ഞയെടുക്കുന്നതിൽ സമർത്ഥരല്ലേ! ലംഘിക്കുന്നതില്ലല്ലോ, യോജിപ്പിക്കുന്നതിൽ സമർത്ഥരാണ്. ബാപ്ദാദ സർവ്വ ഡബിൾ വിദേശി കുട്ടികളുടെ ഭാഗ്യം കണ്ട് ഹർഷിതമാകുന്നു. ബാബയെ തിരിച്ചറിഞ്ഞു ഇത് വളരെ വലുതിലും വച്ച് വലിയ അത്ഭുതം കാണിച്ചു! രണ്ടാമത്തെ അത്ഭുതമാണ്– വ്യത്യസ്തമായ വൃക്ഷത്തിലെ ശാഖകളായിട്ടും ഒരേയൊരു ബാബയുടെ ചന്ദന വൃക്ഷത്തിന്റെ ശാഖകളായി മാറി! ഇപ്പോൾ ഒരേ വൃക്ഷത്തിന്റെ ശാഖകളാണ്. ഭിന്നതയിൽ ഏകത കൊണ്ടു വന്നു. ദേശം വേറെയാണ്, സംസ്ക്കാരം വേറെയാണ് എന്നാൽ നിങ്ങൾ വ്യത്യസ്തതയെ ഏകതയിൽ കൊണ്ടു വന്നു. ഇപ്പോൾ സർവ്വരുടെയും സംസ്ക്കാരം ഏതാണ്? ബ്രാഹ്മണ സംസ്ക്കാരം. എന്റെ വിദേശ സംസ്ക്കാരം ഇങ്ങനെയാണ് പറയുന്നത് എന്ന് പറയരുത്, ഞങ്ങളുടെ ഭാരതീയ സംസ്ക്കാരം ഇങ്ങനെയാണ് എന്ന് ഭാരതീയരും പറയരുത്. ഭാരതവുമല്ല, വിദേശവുമല്ല– ബ്രാഹ്മണ സംസ്ക്കാരമാണ്. അതിനാൽ വ്യത്യസ്തതയിൽ ഏകത, ഇത് തന്നെയാണ് അത്ഭുതം! പിന്നെന്ത് അത്ഭുതം കാണിച്ചു? ബാബയുടേതായപ്പോൾ സർവ്വ പ്രകാരത്തിലുള്ള വ്യത്യസ്ത രീതി സമ്പ്രദായം, ദിനചര്യ –ഇവ സർവ്വതും ചേർത്ത്

ഒന്നാക്കി. അമേരിക്കയിലാകട്ടെ, ലണ്ടനിലാകട്ടെ, എവിടെയുമാകട്ടെ, പക്ഷെ ബ്രാഹ്മണരുടെ ദിനചര്യ ഒന്ന് തന്നെയാണ്. അതോ വേറെയാണോ? വിദേശത്തിലെ ദിനചര്യ വേറെ, ഭാരതത്തിലെ ദിനചര്യ വേറെ അങ്ങനെയല്ലല്ലോ. സർവ്വരുടെയും ഒന്ന് തന്നെയാണ്. അതിനാൽ ഈ വ്യത്യസ്തതയുടെ ത്യാഗം, ഇത് അത്ഭുതമാണ്. മനസ്സിലായോ, എന്തെല്ലാം അത്ഭുതങ്ങൾ ചെയ്തുവെന്ന്? നിങ്ങൾ ബാബയെ കുറിച്ച് പാടുന്നുണ്ടല്ലോ– ബാബ അത്ഭുതം കാണിച്ചു! ബാബ പാടുന്നു– കുട്ടികൾ അത്ഭുതം കാണിച്ചു എന്ന്. ബാപ്ദാദാ കണ്ട് കണ്ട് ഹർഷിതമാകുന്നു. ബാബ ഹർഷിതമാകുന്നു, കുട്ടികൾ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു.

നാല് ഭാഗത്തുമുള്ള ദേശ വിദേശത്തിലെ സേവനങ്ങളെ കുറിച്ച് കേട്ടു കൊണ്ടിരിക്കുന്നു. രണ്ട് സേവനത്തിലും മത്സരിച്ചു കൊണ്ടിരിക്കുന്നു. നല്ല പ്രോഗ്രാമുകൾ നടന്നു, ഇനിയും നടന്നു കൊണ്ടിരിക്കും. ഈ ദൃഢ സങ്കല്പം ഉപയോഗിച്ചു അർത്ഥം സഫലമാക്കി. എത്രത്തോളം ദൃഢ സങ്കല്പത്തെ സഫലമാക്കുന്നുവൊ അത്രയും സഹജമായി സഫലത അനുഭവം ചെയ്തു കൊണ്ടിരിക്കും. ഇതെങ്ങനെ നടക്കും എന്ന് ഒരിക്കലും ചിന്തിക്കരുത്. എങ്ങനെ എന്നതിന് പകരം ചിന്തിക്കൂ– ഇങ്ങനെയെന്ന്. സംഗമത്തിലെ വിശേഷ വരദാനമാണ്– അസംഭവ്യത്തെ സംഭവ്യമാക്കുക എന്നത്. അതിനാൽ എങ്ങനെ എന്ന ശബ്ദത്തിന് വരാൻ സാധിക്കില്ല. ഇത് നടക്കാൻ പ്രയാസമാണ്, അങ്ങനെയല്ല. നിശ്ചയത്തോടെ മുന്നോട്ട് പോകൂ– ഇത് തീർച്ചയായും നടക്കും, കേവലം പ്രാക്ടിക്കലിൽ കൊണ്ടു വരണം. ഇത് ആവർത്തിക്കണം. സംഭവിച്ചിട്ടുണ്ട്. സംഭവിച്ചതിനെ സംഭവ്യമാക്കണം അർത്ഥം ആവർത്തിക്കണം. ഇതിനെയാണ് പറയുന്നത് സഹജമായ സഫലതയുടെ ആധാരമാണ് ദൃഢ സങ്കല്പത്തിന്റെ ഖജനാവിനെ സഫലമാക്കൂ എന്ന്. മനസ്സിലായോ, എന്ത് സംഭവിക്കും, എങ്ങനെ സംഭവിക്കും, അങ്ങനെയല്ല. സംഭവിക്കും സഹജമായി സംഭവിക്കും. സങ്കല്പത്തിന്റെ ചഞ്ചലതയുണ്ടെങ്കിൽ അത് സഫലതയെ ചഞ്ചലതയിലേക്ക് കൊണ്ടു വരുന്നു. ശരി!

നാല് ഭാഗത്തുമുള്ള സദാ ഉത്സവം ആഘോഷിക്കുന്ന സദാ ഉണർവ്വും ഉത്സാഹത്തോടെ പറക്കുന്ന, സദാ സമ്പൂർണ്ണ പ്രതിജ്ഞയ്ക്ക് പാത്രമായ ആത്മാക്കൾ, സദാ അസംഭവ്യത്തെ സഹജമായി സംഭവ്യമാക്കുന്ന, സദാ ഓരോ പ്രകാരത്തിലുള്ള പരീക്ഷയെ ശക്തിഹീനമാക്കി പ്രതിജ്ഞയെ ശക്തിശാലിയാക്കുന്ന, സദാ ബാബയുടെ സ്നേഹത്തിന്റെ റിട്ടേണായി എന്തും ത്യാഗം ചെയ്യാനുള്ള ധൈര്യം വയ്ക്കുന്ന, അങ്ങനെയുള്ള ത്രിമൂർത്തി ശിവ ബാബയുടെ ജന്മസാഥിയായ, ബ്രാഹ്മണ ആത്മാക്കൾക്ക് അലൗകീക ജന്മദിനത്തിന്റെ സ്നേഹ സ്മരണയും ആശംസകളും. ബാപ്ദാദായുടെ വിശേഷ ശ്രേഷ്ഠ ആത്മാക്കൾക്ക് നമസ്തേ.

## വരദാനം– ജ്ഞാനം, ഗുണം, ശക്തികളാകുന്ന ഖജനാക്കളിലൂടെ സമ്പന്നതയുടെ അനുഭവം ചെയ്യുന്ന സമ്പത്തിവാനായി ഭവിക്കട്ടെ.

ഏത് കുട്ടികളുടെയടുത്താണോ ജ്ഞാനം, ഗുണം, ശക്തികളുടെ ഖജനാക്കൾ ഉള്ളത് അവർ സമ്പന്നം അർത്ഥം സന്തുഷ്ടരായിരിക്കുന്നു, അവരുടെയടുത്ത് അപ്രാപ്തിയുടെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. പരിധിയുള്ള ഇച്ഛകൾ അവിദ്യയായിരിക്കും. അവർ ദാതാവായിരിക്കും. അവരിൽ പരിധിയുള്ള ഇച്ഛ അഥവാ പ്രാപ്തി ഉത്പന്നമാകില്ല. അവർ ഒരിക്കലും യാചിക്കുന്നവരായി മാറില്ല. അങ്ങനെ സദാ സമ്പന്നവും സന്തുഷ്ടവുമായിരിക്കുന്ന കുട്ടികളെ തന്നെയാണ് സമ്പത്തിവാൻ എന്ന് പറയുന്നത്.

## സ്ലോഗൻ– സ്നേഹത്തിൽ സദാ ലൗലീനമായിട്ടിരിക്കൂ എങ്കിൽ പരിശ്രമത്തിന്റെ അനുഭവമുണ്ടായിരിക്കില്ല.

**സൂചന–** ഇന്ന് അന്താരാഷ്ട്ര യോഗാ ദിനം മൂന്നാമത്തെ ഞായറാഴ്ച്ച, സന്ധ്യക്ക് 6.30 മുതൽ 7.30 വരെ സർവ്വ സഹോദരി സഹോദരൻമാരും യോഗാഭ്യാസ സമയത്ത് സർവ്വ ആത്മാക്കളെ പ്രതി ഇതേ ശുഭ ഭാവന വയ്ക്കണം– സർവ്വ ആത്മാക്കളുടെയും മംഗളം ഉണ്ടാകട്ടെ, സർവ്വ ആത്മാക്കളും സത്യമായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് പരമാത്മ സമ്പത്തിന്റെ അധികാരം പ്രാപ്തമാക്കട്ടെ. ഞാൻ ബാബയ്ക്ക് സമാനം സർവ്വ ആത്മാക്കൾക്കും മുക്തി ജീവൻമുക്തിയുടെ വരദാനം നല്കുന്ന ആത്മാവാണ്.